പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1259** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>സർവകലാശാലകളിൽ അധ്യാപക/ അനധ്യാപക മേഖലയിലെ സംവരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** സർവകലാശാലകളിൽ അധ്യാപക/ അനധ്യാപക മേഖലയിൽ താൽക്കാലിക, കരാർ തസ്തികകളിൽ നടത്തുന്ന നിയമനങ്ങളിൽ സംവരണ വിഭാഗങ്ങൾക്ക് ആനുപാതിക പ്രാതിനിധ്യം ഉറപ്പാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കേരള സർവകലാശാല, മഹാത്മാഗാന്ധി സർവകലാശാല, കാലിക്കറ്റ് സർവകലാശാല, കുസാറ്റ്, മലയാള സർവകലാശാല, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല എന്നിവിടങ്ങളിൽ അധ്യാപക/അനധ്യാപക മേഖലയിൽ താൽകാലിക/ കരാർ തസ്തികളിൽ നടത്തുന്ന നിയമനങ്ങളിൽ സംവരണ വിഭാഗങ്ങൾക്ക് ആനുപാതിക പ്രാതിനിധ്യം ഉറപ്പാക്കുന്നുണ്ട്.

**<u>കണ്ണൂർ സർവകലാശാല</u>**

കണ്ണൂർ സർവകലാശാലയിൽ അധ്യാപക / അനധ്യാപക മേഖലയിലെ കരാർ തസ്തികകളിൽ നടത്തുന്ന നിയമനങ്ങളിൽ സംവരണ വിഭാഗങ്ങൾക്കു ആനുപാതിക പ്രാതിനിധ്യം ഉറപ്പാക്കുന്നുണ്ട്. എന്നാൽ അടിയന്തര സാഹചര്യങ്ങളിൽ നടത്തുന്ന താത്കാലിക നിയമങ്ങൾക്കു (Hourly Wage basis/Daily wage basis) സംവരണ തത്വം പാലിക്കാൻ സാധിക്കാറില്ല.

**<u>എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല</u>**

സർവ്വകലാശാലക്ക് കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ സ്ഥിര അദ്ധ്യാപക നിയമന പ്രക്രിയ പൂർത്തിയാകാത്തതിനാൽ സർവ്വകലാശാല സ്കൂളുകളിൽ അഡ്ഹോക്/ അഡ്ജൻക്ട്/വിസിറ്റിംഗ് വിഭാഗങ്ങളിലായി പ്രവർത്തിക്കുന്ന 7 അധ്യാപകരുടെ നിയമനത്തിൽ സംവരണം പാലിക്കാൻ കഴിഞ്ഞിട്ടില്ല. അനധ്യാപക തസ്തികകളിൽ നിയമനം "outsource" ചെയ്തിട്ടുള്ള തസ്തികകളിൽ ബന്ധപ്പെട്ട ഏജൻസികളാണ് ജീവനക്കാരെ നിയോഗിക്കുന്നത്. സർവകലാശാല നേരിട്ട് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയ തസ്തികകളിൽ സംവരണം പാലിക്കാൻ കഴിഞ്ഞിട്ടില്ല.

അനധ്യാപക തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള കരാർ നിയമനങ്ങളിൽ സംവരണ വിഭാഗങ്ങൾക്ക് അവരുടെ ആനുപാതിക പ്രാതിനിധ്യം ഉറപ്പാക്കിയാണ് നിയമനം നടത്തി വരുന്നത്.

**<u>നുവാൽസ്</u>**

കരാർ നിയമനങ്ങൾ നടത്തുന്നത് ചുരുങ്ങിയ കാലയളവിലേക്കും നാഷണൽ ലോ യൂണിവേഴ്സിറ്റിയ്ക്കു ആവശ്യമുള്ള പ്രത്യേക യോഗ്യതകൾ ഉള്ളതുമായ തസ്തികകളിലേക്കും ആയതിനാൽ പ്രസ്തുത കരാർ നിയമനങ്ങളിൽ റിസർവേഷൻ തത്വങ്ങൾ പാലിയ്ക്കുവാൻ കഴിയാറില്ല.

**(ബി)** പ്രസ്തുത തസ്തികകളിൽ സംവരണ തത്വം ഉറപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** **<u>കേരള സർവകലാശാല</u>**

അധ്യാപക/ അനധ്യാപക മേഖലയിൽ താൽക്കാലിക, കരാർ നിയമനങ്ങൾ കെ.എസ്.എസ്.ആർ ജനറൽ റൂൾസ് (റൂൾ നം. 14 മുതൽ 17 വരെ) അനുസരിച്ചുള്ള സംവരണതത്വം മാനദണ്ഡമാക്കിയാണ് നടത്തിവരുന്നത്.

**<u>കാലിക്കറ്റ് സർവകലാശാല</u>**

അധ്യാപക/അനധ്യാപക വിഭാഗത്തിലെ കരാർ തസ്തികകളിലേക്കുള്ള നിയമനങ്ങളിൽ, കെ.എസ് & എസ്.എസ്.ആർ ബന്ധപ്പെട്ട വ്യവസ്ഥകൾ അനുസരിച്ച് സംവരണ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, സംവരണ വിഭാഗങ്ങൾക്ക് ആനുപാതിക പ്രാതിനിധ്യം ഉറപ്പുവരുത്തി നിയമനങ്ങൾ നടത്തി വരുന്നു.

**<u>കണ്ണൂർ സർവകലാശാല</u>**

പി.എസ്.സി റൊട്ടേഷൻ ചാർട്ട് പ്രകാരമുള്ള സംവരണ തത്വമാണ് നിലവിൽ നടപ്പിലാക്കി വരുന്നത്.

**<u>മഹാത്മാഗാന്ധി സർവകലാശാല</u>**

കരാർ/ദിവസവേതന അടിസ്ഥാനത്തിൽ നടത്തുന്ന അദ്ധ്യാപക, അനദ്ധ്യാപക നിയമനങ്ങൾ സർവീസ് ചട്ടങ്ങൾക്ക് വിധേയമായി, പി.എസ്.സി. റൊട്ടേഷൻ ചാർട്ട് അടിസ്ഥാനമാക്കി സംവരണ ക്രമം പാലിച്ചാണ് നടത്തിവരുന്നത്.

**<u>കുസാറ്റ്</u>**

സർവ്വകലാശാലയിൽ അധ്യാപക തസ്തികകളിൽ സംവരണം ഉറപ്പാക്കുന്നതിനായി K.S&S.S.Rൽ നിഷ്കർഷിച്ചിരിക്കുന്ന സംവരണക്രമം പാലിക്കുന്നുണ്ട്. എന്നാൽ അനധ്യാപക തസ്തികകളിൽ സംവരണ തത്വം ഉറപ്പിക്കുന്നതിനായി പി.എസ്.സി റൊട്ടേഷൻ ചാർട്ട് പ്രകാരമുള്ള ടേണുകളിലാണ് നിയമനങ്ങൾ നടത്തിപ്പോരുന്നത്.

**<u>സംസ്കൃത സർവകലാശാല</u>**

കേരള പബ്ലിക് സർവീസ് കമ്മീഷന്റെ സംവരണ ചാർട്ടിന്റെ അടിസ്ഥാനത്തിൽ റൊട്ടേഷൻ ലിസ്റ്റ് തയ്യാറാക്കിയാണ് അധ്യാപക/ അനധ്യാപക മേഖലയിൽ താൽക്കാലിക, കരാർ തസ്തികകളിൽ നിയമന നടത്തുന്നത്.

**<u>മലയാള സർവകലാശാല</u>**

കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സംവരണ പട്ടിക പ്രകാരമാണ് താൽക്കാലിക അധ്യാപക- അനധ്യാപക നിയമനങ്ങൾ നടത്തുന്നത്.

**<u>ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല</u>**

സംസ്ഥാനത്ത് നിലവിലുള്ള സംവരണചട്ടങ്ങൾ KS & SSR (Rules 14 മുതൽ 17 വരെ) അനുശാസിച്ചാണ് കരാർ തസ്തികകളിൽ നിയമനം നടത്തിയിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**